# Deshambhimani
# 16 July 2018
# Kochi : Train Traffic was Disrupted

## കനത്ത മഴ: ട്രെയിൻ ഗതാഗതം താറുമാറായി

**കൊച്ചി**

കനത്ത മഴയിൽ എറണാകുളം വഴിയുള്ള ട്രെയിൻ ഗതാഗതം താറുമാറായി. ട്രാക്കിൽ വെള്ളം കയറി വൈകിട്ട് ആറോടെ ഓട്ടോമാറ്റിക് സിഗ്നലിങ് സംവിധാനം തകരാറിലായി. ഇതോടെ ദീർഘദൂര ട്രെയിനുകളടക്കമുള്ളവ വിവിധ സ്റ്റേഷനുകളിൽ മണിക്കൂറുകളോളം നിർത്തിയിട്ടു. 6.30ന് എറണാകുളത്തുനിന്ന് പുറപ്പെടേണ്ട എറണാകുളം കൊല്ലം പാസഞ്ചർ രാത്രി വൈകിയും പുറപ്പെട്ടിട്ടില്ല. 7.10ന് നോർത്ത് സ്റ്റേഷനിൽനിന്ന് പോകേണ്ട പാലരുവി എക്സ്പ്രസ് 50 മിനിറ്റ് വൈകിയാണ് യാത്ര ആരംഭിച്ചത്.

തൃപ്പൂണിത്തുറ, മുളന്തുരുത്തി സ്റ്റേഷനുകളിൽ വിവിധ ട്രെയിനുകൾ രാത്രി വൈകിയും പിടിച്ചിട്ടിരിക്കുകയാണ്. ഓട്ടോമാറ്റിക് സിഗ്നലിങ് സംവിധാനത്തിന് പകരം മാനുവൽ സിഗ്നലിങ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും സർവീസ് മുടക്കാതെ ട്രെയിനുകൾ കടത്തിവിടാനാണ് ശ്രമിക്കുന്നതെന്നും റെയിൽവേ അധികൃതർ അറിയിച്ചു.